പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1874 01.11.2019-ലെ മറുപടിക്ക്

## മൂവാറ്റുപുഴ ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.എൽദോ എബ്രഹാം

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കാമോ; | (എ) | വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>2. ബസ് സ്റ്റേഷൻ യാർഡിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>3. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സിവിൽ പണികൾ 80% പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം കരാറുകാരന് തുക നൽകുവാൻ കഴിയാത്തതിനാൽ പണി നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.<br>4. ഫയർ ടാങ്കിന്റെ നിർമ്മാണം സിവിൽ കോൺട്രാക്ടർ ചെയ്തു നൽകാത്തതിനാൽ ഫയർ ഫൈറ്റിംഗ് വർക്ക് തുടങ്ങാൻ കഴിഞ്ഞിട്ടില്ല.<br>5. ഇലക്ട്രിഫിക്കേഷൻ വർക്കിന്റെ ഇ-ടെൻഡർ നടപടി പൂർത്തീകരിച്ച് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സിവിൽ ജോലികൾ പൂർത്തീകരിച്ചു. അതിന്റെ മെക്കാനിക്കൽ വർക്ക് ടെണ്ടർ ചെയ്ത് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാനുള്ളതുമായ | (ബി) | 1. <u>ഫയർ ഫൈറ്റിംഗ് വർക്ക്</u><br>ഫയർ ഫൈറ്റിംഗ് വർക്കിന് ആവശ്യമായ ഫയർ ടാങ്കിന്റെ നിർമ്മാണം, ബസ് |

| | | | |
|---|---|---|---|
| | പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ആരംഭിക്കാത്തതിനുള്ള കാരണവും അറിയിക്കാമോ? | | ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തിയിലാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം കരാറുകാരന് തുക നൽകുവാൻ കഴിയാത്തതിനാൽ ഫയർ ടാങ്കിന്റെ നിർമ്മാണം നടത്തുവാൻ സാധിച്ചിട്ടില്ല. ഇതു കാരണം ഫയർ ഫൈറ്റിംഗ് വർക്ക് തുടങ്ങുവാൻ കാലതാമസം നേരിടുന്നു.<br>2. <u>സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മെക്കാനിക്കൽ പണികൾ</u><br>ടി വർക്കിന്റെ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചെങ്കിലും ഡിപ്പോയിലെ മറ്റ് പണികൾ സാമ്പത്തിക പ്രതിസന്ധി മൂലം പേയ്മെന്റ് നൽകാതെ മുടങ്ങി കിടക്കുന്നത് കാരണം പണി തുടങ്ങുന്നത് നീട്ടി വെച്ചിരിക്കുകയാണ്. പ്രവൃത്തി ഉടനെ ആരംഭിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**